A



# സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണ്ണയം 2024–25

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 9

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**
**(1 സ്കോർ വീതം)** **(4 X 1 = 4)**

1. 'നഗരത്തിന്റെ നിരന്തരമായ ഖരഖരാരവം.'
ഈ പ്രയോഗത്തിൽ തെളിയുന്ന നഗരത്തിന്റെ സവിശേഷത എന്ത്?
   - എപ്പോഴും ചലനമറ്റ നിലയിലായത്
   - എപ്പോഴും ശബ്ദകോലാഹലം നിറഞ്ഞത്
   - ധവളപ്രകാശത്തിൽ മുങ്ങിയത്
   - പ്രലോഭിപ്പിക്കുന്ന സൗന്ദര്യമുള്ളത്

2. 'ആഗോള ഭക്ഷ്യവ്യവസ്ഥയ്ക്ക് ഒരൊറ്റ ലക്ഷ്യം മാത്രമേയുള്ളൂ.'
ഇവിടെ ലേഖകൻ ലക്ഷ്യമായി കാണുന്നത്?
   - ചികിത്സാവ്യവസായികൾക്ക് കൂടുതൽ രോഗികളെ നൽകുക
   - പ്രാദേശിക ഭക്ഷ്യവിഭവങ്ങൾക്ക് വിപണി ഒരുക്കുക.
   - ആരോഗ്യകരമായ ഭക്ഷണ സംസ്കാരം സൃഷ്ടിക്കുക.
   - ആരോഗ്യപ്രദമായ ഭക്ഷണശീലം വളർത്തുക.

3. 'ഉള്ളതു കൊടുത്താൽ, അതുകഴിച്ചിട്ട് ശകലം കൂടി എന്നുപറഞ്ഞ് ഇരിക്കും.പിന്നെയുമിരിക്കും.'
ഏത് കഥാപാത്രത്തെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്?
   - കുട്ടിച്ചേച്ചി
   - കുട്ടിയമ്മ
   - കളത്തിൽ പത്മനാഭൻ
   - കിട്ടുമ്മാവൻ

4. "ദാരുവിൽനിന്നെപ്പകർത്തേണമെന്നെന്റെ
വേരു ദാഹിച്ചിതാ നോക്കിനിൽപ്പൂ."
അടിവരയിട്ട പദത്തിന്റെ സാന്ദർഭികാർഥം എന്ത്?
   - താഴ്
   - ശില്പി
   - മരം
   - ദാനശീലൻ

(മറുപുറം)

5. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ വിഗ്രഹരൂപമേത്?

| | | |
|---|---|---|
| മൺപുര | - | മണ്ണുപോലെയുള്ള പുര |
| ദൃശ്യചാരുത | - | ദൃശ്യവും ചാരുതയും |
| കൃഷിയുൽപന്നങ്ങൾ | - | കൃഷിയിൽ നിന്നു ലഭിക്കുന്ന ഉൽപന്നങ്ങൾ |
| ചികിത്സാവ്യവസായി | - | ചികിത്സയിലുള്ള വ്യവസായി |

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ വീതം) (2 X 2 = 4)**

6. 'അന്നേരം മുതൽ എന്തെന്നറിയാത്ത ഭീതി ഒരു മണിയനീച്ചയെപ്പോലെ എന്റെ മനസ്സിനെ വലംവച്ചു തുടങ്ങി.' (മണൽക്കുന്നുകൾക്കിടയിലൂടെ)

ഈ വാക്യത്തിൽ തെളിയുന്ന നജീബിന്റെ മാനസികാവസ്ഥ കണ്ടെത്തിയെഴുതുക?

7. ചുവടെ നൽകിയ വാക്യം ഉചിതമായ ചിഹ്നം ചേർത്തെഴുതുക.
അമ്മേ അമ്മ എന്താ ആലോചിക്കുന്നത്

8. 'വിളകളുടെ പോഷകമൂല്യമല്ല, ദൃശ്യചാരുതയാണ് ഏറെ പ്രധാനം.'
(ഭക്ഷണവും ആരോഗ്യവും)
ലേഖകൻ ഈ വരികളിലൂടെ നമുക്ക് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം) (5 X 4 = 20)**

9. ബംഗാളിലെ ഗ്രാമങ്ങളിൽ കേരളത്തിന്റെ പ്രകൃതിഭംഗി പ്രതിഫലിച്ചു കാണുന്നു.
(ശാന്തിനികേതനം)
എസ്.കെ പൊറ്റക്കാട്ട് ബംഗാളിലെ ഗ്രാമങ്ങളിൽ കേരളത്തെ ദർശിക്കുന്നത് എങ്ങനെ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. 'എണ്ണ മിനുങ്ങും മുഖത്തെന്തു ഗൗരവം
എള്ളുടൽക്കെന്തൊരു സൗകുമാര്യം!
ഇത്തിരിപ്പോന്നോരിടുപ്പിതിൻ ചാരുത
മറ്റാർക്കുമില്ലിങ്ങു കണ്ടതുള്ളൂ.'

(വംശം)

ഈ വരികളിലെ കാവ്യഭംഗി വ്യക്തമാക്കുക.

912

11. • 'ഒന്നിനു പിറകെ ഒന്നായി അഞ്ചസ്ത്രങ്ങൾ ലക്ഷ്യത്തിന്റെ നടുവിലെ വൃത്തത്തിൽ കൊള്ളുന്നു.'

• 'മിന്നൽവേഗത്തിൽ ആക്രമിച്ച് ദയ എതിരാളിയുടെ വാൾ തെറിപ്പിക്കുന്നു.'
(ദയ)

ദയ എന്ന കഥാപാത്രത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ഇവിടെ തെളിയുന്നത്? തിരക്കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.

12 • കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്കു
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല
• വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ
(കുഞ്ചൻനമ്പ്യാർ)

അല്പമല്ല ഭുജിക്കുന്നു എന്ന പാഠഭാഗത്തെ ആശയവും മുകളിൽ നൽകിയ വരികളും വിശകലനം ചെയ്ത് കുഞ്ചൻനമ്പ്യാരുടെ സാമൂഹ്യവിമർശനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

13 ' നിലം നാലുപേർക്കായി വിറ്റു.
താമസിക്കുന്ന പുരയിടവും വിറ്റു.'
(കിട്ടുമ്മാവൻ)

ഇത്തരത്തിൽ എല്ലാം വിറ്റുതുലക്കാനുള്ള നിലയിലേക്ക് കിട്ടുമ്മാവൻ എത്തിച്ചേർന്നതെങ്ങനെ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

14. ' മണ്ണിന് ജീവനുണ്ട്; ആ മണ്ണിൽ പലതരത്തിലുള്ള സൂക്ഷ്മജീവികൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവ ഭക്ഷ്യവസ്തുക്കൾക്കുമേൽ ചെറിയ പാടുകൾ ഉണ്ടാക്കും. അത്തരം ഭക്ഷ്യവസ്തുക്കൾ മോശമാണെന്ന് അജ്ഞതമൂലമാണ് വിധിയെഴുതുന്നത്.'
(ഭക്ഷണവും ആരോഗ്യവും)

ലേഖകന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2 x 6 = 12)**

15. 'അല്പമല്ല ഭുജിക്കുന്നു
കഴുത്തോളം പൂർണ്ണമായി-
ട്ടപ്പുറത്തു കവിഞ്ഞാലും
തൃപ്തിയില്ല ചിലർക്കെല്ലാം '
(അല്പമല്ല ഭുജിക്കുന്നു)

"കഴിക്കേണ്ടതിനെക്കുറിച്ച് കൃത്യമായ നിയമങ്ങളുണ്ടാക്കാൻ ബുദ്ധിമുട്ടാണെങ്കിലും നമ്മുടെ ഭക്ഷണത്തെക്കുറിച്ച് നാം ഗൗരവമായിത്തന്നെ ചിന്തിക്കേണ്ടതുണ്ട്."
(മഹാത്മാഗാന്ധി)

വരികളും പ്രസ്താവനയും അല്പമല്ല ഭുജിക്കുന്നു എന്ന തുള്ളൽഭാഗവും വിശകലനം ചെയ്ത് 'ഭക്ഷണസംസ്കാരവും സമകാലിക സമൂഹവും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

(മറുപുറം)

16 ഒരു തരം ഭ്രാന്തുപോലാണ്. അതുകൊണ്ട് എന്തു സംഭവിച്ചു?

ആരും ഒന്നും കൊടുക്കുകയില്ല. കൊടുത്താൽ ആപത്താണ്. എങ്ങുനിന്നും ഒന്നും കിട്ടുകയില്ല.

"അതൊരു രോഗമാണ്."

"അല്ല." പെണ്ണുങ്ങൾ പറഞ്ഞു: "വയറ്റിൽ പുഴുവാണ്. അതുചെല്ലുന്നത് തിന്നുതീർക്കും."

( കിട്ടുമ്മാവൻ)

തന്നിരിക്കുന്ന സന്ദർഭവും കിട്ടുമ്മാവൻ എന്ന കഥയിലെ ആശയവും പരിഗണിച്ച് കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

17. 'വിഷരഹിതപച്ചക്കറികൾക്ക്
അടുക്കളത്തോട്ടം അനിവാര്യം'

(പത്രവാർത്ത)

'അതതു പ്രദേശങ്ങളിൽ ഓരോ സീസണിലുമുണ്ടാകുന്ന ഭക്ഷ്യവസ്തുക്കളാണ് പോഷക ഗുണമേന്മയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് എന്ന് ചില പോഷകാഹാരവിദഗ്ധർ തെളിയിച്ചിട്ടുണ്ട്.'

(ഭക്ഷണവും ആരോഗ്യവും)

സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് 'ആരോഗ്യകരമായ കൃഷിരീതി; ആരോഗ്യമുള്ള സമൂഹം' എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക.

---